## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 802 — 24.07.2012-ലെ മറുപടിയ്ക്ക്

**കൺസ്യൂമർ ഫെഡ് മെഡിക്കൽ സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എ. വാഹീദ്<br>,, ബെന്നി ബെഹനാൻ<br>,, കെ.ശിവദാസൻ നായർ<br>,, ഐ.സി. ബാലകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് മെഡിക്കൽ സ്റ്റോറുകൾ നേരിട്ട് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 93 നീതി മെഡിക്കൽ സ്റ്റോറുകൾ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തിവരുന്നുണ്ട്. രണ്ടു പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന നിലയിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കൺസ്യൂമർ ഫെഡറേഷൻ നടപ്പാക്കി വരുന്നു. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും സഹകരണ സംഘങ്ങൾ വഴി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന നയത്തിന്റെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്നതിനനുസൃതമായി സഹകരണ സംഘങ്ങൾ വഴി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ മുഖേനയും, രണ്ടു പഞ്ചായത്തുകൾക്ക് ഒരു മെഡിക്കൽ സ്റ്റോർ എന്ന ക്രമത്തിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ